Draft #1 of File 55436/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 19-Oct-2020 07:51 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

പരീക്ഷാ വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ ,ഡെപ്യൂട്ടി രജിസ്ട്രാർ ,ജോയിന്റ് രജിസ്ട്രാർ തലത്തിലുള്ള ഉദ്യോഗസ്ഥരുമായി പരീക്ഷാ കൺട്രോളർ 16.10.2020 തീയതിയിൽ നടത്തിയ യോഗത്തിൻറെ നടപടി രേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4807/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.10.2020

---

*പരാമർശം:*-16.10.2020 തീയതിയിൽ പരീക്ഷാ വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ , ഡെപ്യൂട്ടി രജിസ്ട്രാർ , ജോയിന്റ് രജിസ്ട്രാർ തലത്തിലുള്ള ഉദ്യോഗസ്ഥരുമായി പരീക്ഷാ കൺട്രോളർ നടത്തിയ യോഗത്തിൻറെ നടപടി രേഖ.

**<u>ഉത്തരവ്</u>**

പരീക്ഷാ വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ , ഡെപ്യൂട്ടി രജിസ്ട്രാർ ,ജോയിന്റ് രജിസ്ട്രാർ തലത്തിലുള്ള ഉദ്യോഗസ്ഥരുമായി പരീക്ഷാ ഭവനിലെ മിനി കോൺഫറൻസ് ഹാളിൽ 16.10.2020 രാവിലെ 11.15 മണിക്ക് പരീക്ഷാ കൺട്രോളർ നടത്തിയ യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

1. സർവകലാശാല നടത്തുന്ന യു.ജി, പി.ജി, ബി.എഡ്, ബി.ടെക്ക് എന്നിവയുടെ പ്രത്യേക പരീക്ഷകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുവാൻ ശ്രീ.ഉണ്ണികൃഷ്ണൻ. സി. കെ, ഡപ്യൂട്ടിരജിസ്ട്രാർI (പരീക്ഷ)- നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു

2. ഇത് സംബന്ധിച്ച പത്രക്കുറിപ്പ് 19.10.2020 തീയതിയിൽ നൽകേണ്ടതാണ്.

3. സർവകലാശാലാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്ന വിശദ വിവരങ്ങളോടു കൂടിയ ഗൂഗിൾ ഫോമിൽ മേല്പറഞ്ഞ പരീക്ഷകൾ എഴുതുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾ 21.10.2020 മുതൽ 23.10.2020 വൈകുന്നേരം 5.00 മണി വരെ രജിസ്റ്റർ ചെയ്യേണ്ടതാണ് .

4. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകൾ പരിശോധിച്ച ശേഷം അതത് അസിസ്റ്റന്റ് രജിസ്ട്രാർമാർ അവ ക്രോഡീകരിച്ച് 27.10.2020 തീയതിയിൽ നൽകേണ്ടതും, നോമിനൽ റോൾ 30.10.2020 തീയതിയ്ക്കുള്ളിൽ പരീക്ഷാ വിഭാഗത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ XI ,അസിസ്റ്റന്റ് രജിസ്ട്രാർ XXI എന്നിവർക്ക് നൽകേണ്ടതുമാണ്.

5. നോമിനൽ റോൾ സർവകലാശാലാ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. .രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എമാർ
3. സി.ഇ സെക്ഷൻ / ടാബുലേഷൻ സെക്ഷനുകൾ
4. എല്ലാ എ.ആർ /ഡി.ആർ /ജെ.ആർ (എക്സാം)
5. ഇ .എ I/ എ.സി .സി I / II സെക്ഷനുകൾ
6. ഐ.ക്യൂ.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 55436/EA 2-1/2020/EA 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 55436/EA 2-1/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 19-Oct-2020 07:51 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം